**മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം**
**സോഷ്യൽ ഓഡിറ്റ് സൊസൈറ്റി കേരള (MGNSASK)**
(തദ്ദേശ സ്വയംഭരണ വകുപ്പ്, കേരള സർക്കാർ)
2-ാം നില, സി.ഡബ്ല്യു.സി.ബിൽഡിംഗ്സ്, എൽ.എം.എസ്.കോമ്പൗണ്ട്, പാളയം,
വികാസ് ഭവൻ (പി.ഒ), തിരുവനന്തപുരം-695033, ഫോൺ നമ്പർ : **0471-2724696**
ഇ-മെയിൽ: keralasocialaudit@gmail.com www.socialaudit.kerala.gov.in

നമ്പർ.36/എം.ജി.എൻ.എസ്.എ.എസ്.കെ/2024 തീയതി.21.11.2024

## സർക്കുലർ

**പ്രിയപ്പെട്ട റിസോഴ്സ് പേഴ്സൺ,**

വിഷയം: സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ വേതനം കണക്കാക്കുന്നതു-സംബന്ധിച്ച വ്യക്തത വരുത്തൽ

സോഷ്യൽ ഓഡിറ്റ് വില്ലേജ് റിസോഴ്സ് പേഴ്സൺമാരുടെ പ്രതിദിന വേതനം കണക്കാക്കുന്നതിൽ ഇപ്പോഴും ചില അവ്യക്തതകൾ നിലനിൽക്കുന്നുണ്ട് എന്നാണ് വേതന വിതരണത്തിനായി തയ്യാറാക്കി നൽകുന്ന സ്റ്റേറ്റ്മെന്റിൽ നിന്നും ബോധ്യപ്പെടുന്നത്. വി.ആർ.പി മാരുടെ വേതനം കണക്കാക്കുന്നതിന് താഴെപ്പറയുന്ന കാര്യങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

1. ഓരോ ദിവസത്തേയും സോഷ്യൽ ഓഡിറ്റ് പ്രവർത്തനം സംബന്ധിച്ച പ്രസക്തമായ വിവരങ്ങൾ (ഏത് പഞ്ചായത്തിൽ, ഏത് വാർഡിൽ, എന്ത് പ്രവർത്തനം നടത്തി എന്ന്) വ്യക്തമായി ലോഗ് ബുക്കിൽ രേഖപ്പെടുത്തി ബി.ആർപി സാക്ഷ്യപ്പെടുത്തിയതിനു-സരിച്ച് മാത്രമേ വേതനം ആവശ്യപ്പെടാൻ പാടുള്ളൂ.

2. സോഷ്യൽ ഓഡിറ്റ് യൂണിറ്റ് നടത്തിയ വർക്ക് സ്റ്റഡിയുടെ അടിസ്ഥാനത്തിൽ തയ്യാറാക്കി പുറപ്പെടുവിച്ച സർക്കുലർ പ്രകാരം ഒരു ദിവസം 6 മണിക്കൂർ സമയം കൊണ്ട് പൂർത്തിയാക്കേണ്ട ഏറ്റവും കുറഞ്ഞ പ്രവർത്തനങ്ങളും ഭൗതിക ലക്ഷ്യങ്ങളും ആർജ്ജിച്ചുവെന്ന് ഉറപ്പുവരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ വേതനം കണക്കാക്കുകയും വേണം.

3. ഒരു സോഷ്യൽ ഓഡിറ്റ് ഗ്രാമസഭയ്ക്ക് ഇത്ര ദിവസം എന്നതല്ല വേതനം കണക്കാക്കുന്നതിനുള്ള മാനദണ്ഡം എന്നത് പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. ഒരു ഗ്രാമസഭയ്ക്ക് എത്ര പ്രവൃത്തി ദിനം എന്ന നിലയിൽ കരാർ അടിസ്ഥാനത്തിലുള്ള പ്രവർത്തനമല്ല സോഷ്യൽ ഓഡിറ്റ്.

4. സോഷ്യൽ ഓഡിറ്റ് യൂണിറ്റ് പുറപ്പെടുവിച്ചിട്ടുള്ള സർക്കുലർ അനുസരിച്ച് ഒരു ഗ്രാമ സഭയുടെ സംഘാടനം, നടത്തിപ്പ്, ജനകീയ പങ്കാളിത്തം ഉറപ്പാക്കൽ, റിപ്പോർട്ട് തയ്യാറാക്കൽ എന്നീ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് മാത്രമേ ഒരു പ്രവൃത്തി ദിനം കണക്കാക്കി വേതനത്തിന് ശുപാർശ ചെയ്യാൻ പാടുള്ളൂ.

5. എക്സിറ്റ് മീറ്റിംഗ് സംഘാടനം, നടത്തിപ്പ്, മിനിട്ട്സ് തയ്യാറാക്കൽ എന്നീ പ്രവർത്തനങ്ങൾക്ക് നോഡൽ വി.ആർ.പിയ്ക്ക് ഒരു പ്രവൃത്തിദിനവും അതുപോലെ പബ്ലിക് ഹിയറിംഗിന് ഒരു പ്രവൃത്തി ദിനവും അനുവദിക്കാവുന്നതാണ്

6. ഏതെങ്കിലും കാരണവശാൽ അതത് മാസം സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകൾ നടത്തുന്നതിനും വേതനം ലഭിക്കുന്നതിനും കഴിയാതെ വന്നാൽ തൊട്ടടുത്ത മാസത്തെ വേതനം കണക്കാക്കുന്നതിന് അർഹത ഉണ്ടായിരിക്കുന്നതാണ്. എന്നാൽ തൊട്ടുമുൻ മാസത്തെ കാരിഓവർ വേതനം മാത്രമേ കണക്കാക്കാൻ പാടുള്ളൂ. ഇക്കാര്യത്തിൽ എന്തെങ്കിലും ഇളവുകൾ ആവശ്യമായി വരുന്നപക്ഷം (പ്രാദേശികമായ പ്രത്യേക സാഹചര്യം) ഇക്കാര്യം സോഷ്യൽ ഓഡിറ്റ് യൂണിറ്റിനെ യഥാസമയം അറിയിച്ച് അനുമതി വാങ്ങേണ്ടതാണ്. മുകളിൽ സൂചിപ്പിക്കപ്പെട്ട കാര്യങ്ങൾ കർശനമായി പാലിക്കണമെന്നും ഇക്കാര്യങ്ങൾ ലംഘിക്കുന്നപക്ഷം ഇതുസംബന്ധിച്ചുണ്ടാകുന്ന സാമ്പത്തിക നഷ്ടത്തിന് ബി.ആർ.പി ഉത്തരവാദിയായിരിക്കുന്നതാണ്.

വിശ്വസ്തതയോടെ,

**ഡോ.എൻ. രമാകാന്തൻ**
ഡയറക്ടർ

കോപ്പി:

1. എല്ലാ ഡി.ആർ.പിമാർക്കും
2. എല്ലാ ബി.ആർ.പിമാർക്കും ~~(ഡി.ആർ.പി മുഖേന)~~
3. എല്ലാ വി.ആർ.പി.മാർക്കും (ബി.ആർ.പി.മുഖേന)
4. അക്കൗണ്ട്സ് സെക്ഷൻ, എസ്.എ.യു